(d) No.

Depressed class Colonies and Bhajanamadom.

552. മിസ്റ്റർ കെ. പി. വള്ളോൻ.—ഇതുവരേയ്ക്കും അധഃകൃതക്കുവേണ്ടി സ്ഥാപിച്ചു കൊടുത്തിട്ടുള്ള കോളനികളുടേയും, ഭജനമഠങ്ങളുടേയും കണക്കുകാണിയ്ക്കുന്ന ഒരു ലിസ്റ്റ് ഈ മേശപ്പുറത്തു വയ്ക്കുവാൻ മേലുണ്ടാകുമോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—അധഃകൃത കോളനികളുടേയും ഭജന മഠങ്ങളുടേയും ലിസ്റ്റുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix XXII*).

553. മിസ്റ്റർ കെ. പി. വള്ളോൻ.—ഈ രാജ്യത്തു് എല്ലാ അധഃകൃതന്മാർക്കും നിവാസത്തിനായി കോളനികൾ സ്ഥാപിച്ചു കൊടുക്കുവാൻ ഗവൺമെൻറു് തീർച്ചപ്പെടുത്തീട്ടുണ്ടോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—അധഃകൃത നിവാസികളുടെ അപേക്ഷ അനുസരിച്ചു് ഗവൺമെണ്ടിനു് അത്യാവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ കോളനികൾ സ്ഥാപിച്ചു കൊടുക്കുന്നതാണു്.

Contract work for Depressed Classes.

554. മിസ്റ്റർ കെ. പി. വള്ളോൻ.—(a) അധഃകൃതകോളനികളിലും മറ്റുമുള്ള ജോലികൾ അധഃകൃതന്മാർക്കുതന്നെ കൺട്രാക്ടു് കിട്ടുമെന്നും മറ്റും വല്ല ഹർജികളും കിട്ടീട്ടുണ്ടോ. ഉണ്ടെങ്കിൽ എന്തുമറുപടിയാണു് അതിനു ഗവൺമെൻറു കൊടുത്തിട്ടുള്ളതു്; ടി മറുപടിയുടെ ഒരു കാപ്പി ഈ മേശപ്പുറത്തു സഭയിൽ വയ്ക്കാമോ;

(b) മേൽപറയപ്പെട്ട ഹരജികൾ കിട്ടിയതിൽപിന്നെ വല്ല കോളനികളിലും ഉണ്ടായിട്ടുള്ള ജോലികൾ മറ്റു വല്ല സമുദായക്കാർക്കും കൺട്രാക്ടു് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു ഏതുസമുദായത്തിൽപെട്ടവർക്കാണു്;

(c) ഇനിയെങ്കിലും അധഃകൃതസംരക്ഷകഡിപ്പാർട്ടുമെൻറിൽ ഉള്ള ജോലികൾ കഴിയുന്നതും അധഃകൃതർക്കു കൊടുക്കുന്നകാര്യത്തിൽ ഗവൺമെണ്ടിന്റെ ശരിയായ ദൃഷ്ടി ഉണ്ടാകുമോ?

മിസ്റ്റർ ടി. എസ്സ് ശേഷയ്യർ.—(a) ഉണ്ടു്. അരനാഴികയ്ക്കുവെട്ടു കൊപ്രാപ്രൊവീവു് സൊസൈറ്റിയിൽനിന്നും അയച്ച ഹർജിയുടെ മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു (*Appendix XXIII*).

(b) ഉണ്ടു്. ഈഴവ സമുദായത്തിൽപെട്ടവർക്കും കൂടികൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(c) അതാതു കോളനിയിലെ ജോലികൾ അതിലെ അധഃകൃതനിവാസികളെകൊണ്ടു് കഴിയുന്നതും ചെയ്യിക്കണമെന്നാണു് ഗവമ്മെൻറിന്റെ ഉദ്ദേശം.

മിസ്റ്റർ കെ. പി. വള്ളോൻ—അധഃകൃത കോളനികളിലുള്ള ജോലികളെല്ലാം അധഃകൃതർക്കുതന്നെ കൺട്രാക്ടായി തിരുമാച്ചു കിട്ടണമെന്നു് ആവശ്യപ്പെട്ടിട്ടും അവർക്കു കൊടുക്കാതെ മറ്റു സമുദായക്കാർക്കു കൊടുത്തതു ന്യായമാണോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.— കഴിയുന്നതും അധഃകൃതർക്കുതന്നെ കൊടുക്കണമെന്നു് ഗവമ്മെൻറിൽനിന്നു് കല്പനയുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—പക്ഷെ മറ്റു സമുദായക്കാർക്കു മാത്രം കൊടുത്തതായിട്ടാണല്ലൊ പറഞ്ഞിരിക്കുന്നതു്.

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഒന്നുമാത്രമെ കൊടുത്തിട്ടുള്ളൂ.

School at Kuttichira.

555. മിസ്റ്റർ കെ. പി. വള്ളോൻ—അധഃകൃത കുട്ടികൾക്കു യാതൊരുവിധത്തിലും വിദ്യാഭ്യാസംചെയ്യാൻ സൌകര്യമില്ലാത്ത കുറുച്ചിറദേശത്തുള്ള മുന്നൂറിൽപരം (൩൦൦) കുട്ടികൾക്കു് വിദ്യാഭ്യാസംചെയ്യാൻ ഒരു അധഃകൃതവിദ്യാലയം ഉണ്ടാക്കുകാലതാമസംവിനാ നടപ്പിൽ വരുത്തുവാൻ ബഹുമാനപ്പെട്ട ഗവമ്മെൻറിനു് ആലോചനയുണ്ടോ?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ഗവമ്മെൻറു് ആലോചിക്കുന്നതാണു്.

Water Supply—Depressed Classes.

556. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃതർ കൂട്ടമായി താമസിക്കുന്ന സങ്കേതങ്ങളിൽ ജലദൌർല്ലഭ്യം നേരിട്ടിട്ടുള്ള സ്ഥലങ്ങളിൽ കുടിയ്ക്കുവാൻ ശുദ്ധജലം കിട്ടത്തക്കവിധത്തിൽ വേണ്ട ഏർപ്പാടുകൾ കാലതാമസംവിനാ ചെയ്തുകൊടുക്കാതിരിക്കുന്നതെന്തുകൊണ്ടാകുന്നു?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—ജലദൌർല്ലഭ്യമുള്ളതായി ഗവമ്മെൻറിനു ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിൽ കൊല്ലംതോറും ഗവമ്മെൻറിന്റെ ധനസ്ഥിതിക്കനുസരിച്ചു് കിണറുകളും മറ്റും ഉണ്ടാക്കി കൊടുക്കുന്നുണ്ടു്.

557. മിസ്റ്റർ കെ. പി. വള്ളോൻ.—കിണറുകൾ കുത്തിയ്ക്കുവാൻ സൌകര്യമുള്ള സ്ഥലങ്ങളിൽ എല്ലായിടത്തും കിണറുകളും, വിശേഷിച്ചു പനമ്പുകാടു്, വല്ലാർപാടം, നെടുങ്ങാടു് വലിയവീട്ടം എന്നീദേശങ്ങളിൽ ടാങ്കുകളും ഉണ്ടാക്കി ശുദ്ധജലം ശേഖരിച്ചുകൊടുത്തു് ജനങ്ങളെ രക്ഷിക്കുവാൻവേണ്ട ഏർപ്പാടുകൾ ചെയ്യാത്തതു് എന്തുകൊണ്ടാണു്?

മിസ്റ്റർ ടി. എസ്സ്. ശേഷയ്യർ.—കിണറുകൾ അത്യാവശ്യമെന്നു തോന്നുന്ന പലയിടങ്ങളിലും കിണറുകൾകുത്തി ജലസൌകര്യങ്ങൾ ഉണ്ടാക്കിവരുന്നുണ്ടു്. ടാങ്കുകൾ ഉണ്ടാക്കി ജലശേഖരം

LIBRARY ARCHIVES Kerala Legislative Assembly

Intoop of the Kunnamkulam bazaar regarding the opening of a road connecting the Puthenpetta bazaar with the main road in Kunnamkulam.

Order Dis. No. 575/D/98, dated 11th February 1932.

The petition is forwarded to the Chief Engineer for consideration at the time of 1099 budget.

(True extract)

(Sd.) P. DAMODARA MENON,
Secretary to the Diwan.

To

The Chief Engineer (with enclosure).
The petitioner.

APPENDIX XXII.

(*Vide Answer to Question No. 552.*)

അധീകൃത കോളനികൾ.

ക.	ചാലക്കുടി	കഛ.	വെണ്ടുരുത്തി
കാ.	കുന്നംകുളം	കഝ.	പെരുമ്പിലാവ്
കി.	പഴയന്നൂർ	കഞ.	പോക്കുളം
കീ.	പുല്ലഴി	കട.	മങ്ങാട്
കു.	അരണാട്ടുകര	കഠ.	കുമരനെല്ലൂർ
കൂ.	ആനന്ദപുരം	കഡ.	ഏങ്ങക്കാട
കെ.	നെട്ടൂർ	കഢ.	മടത്തിൽക്കുന്ന്
കേ.	മലയാറ്റൂർ	കണ.	മതികുന്ന്
കൈ.	മാള	കാ.	കൊഴുക്കുള്ളി
കൊ.	നന്തിക്കര	കാ.	നടത്തറ
കോ.	ഇരിങ്ങാലക്കുട	കാ.	ഞാറക്കൽ

ഭജനമഠങ്ങൾ.

ക.	കൊറനെല്ലൂർ	കു.	കുന്നംകുളം	കൈ.	ചാലക്കുടി
കാ.	നെടുപുഴ	കൂ.	നെട്ടൂർ	കഠ	മാള
കി.	കാഞ്ഞിരമറ്റം	കെ.	പുല്ലഴി	കഡ.	ആനന്ദപുരം
കീ.	മറത്തൂർ	കേ.	അരണാട്ടുകര	കണ.	മലയാറ്റൂർ

കത. മുളവുകാട

APPENDIX XXIII.

(*Vide Answer to Question No. 554.*)

PROCEEDINGS OF THE DIWAN OF COCHIN.

Development Department.

Contracts—Vettuva Co-operative Society—request for.

READ (1) Petition dated 18th Vrischigam 1107, from the Committee Members of the Vettuva Co-operative Society No. 209. Aranattukara, Trichur Taluk.

(2) Director's letter C. 4652/1107, dated 11th January 1932.

Order L. Dis. 6397/07, dated 24th January 1932.

The works to be carried out in the Depressed Class Colony, Aranattukara will be given to the local Vettuva Co-operative Society.

(True extract)

(Sd.)
Secretary to the Diwan.

To

The Director of Public Instruction
The petitioner.

LIBRARY ARCHIVES Kerala Legislative Assembly